**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1716** **20-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നഗരത്തിലെ കൃഷി ഭവൻ വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നഗരത്തിലെ നിലവിലെ കൃഷി ഭവൻ കോഴിക്കോട് നോർത്ത്, കോഴിക്കോട് സൗത്ത് എന്നിങ്ങനെ രണ്ടായി വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഇപ്പോൾ **പരിഗണനയിലില്ല.** |
| (ബി) | പ്രസ്തുത കൃഷി ഭവനിൽ ആവശ്യത്തിന് ജീവനക്കാരെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കോഴിക്കോട് കൃഷി ഭവനിൽ ജോലി ഭാരം കണക്കിലെടുത്തു സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 6/2023/കൃഷി തീയതി 20.06.2023 പ്രകാരം ബേപ്പൂർ കൃഷി ഭവനിൽ നിന്നും ഒരു കൃഷി അസിസ്റ്റന്റ് തസ്തിക മാറ്റി പുനഃക്രമീകരിച്ചിട്ടുണ്ട്. നിലവിൽ 3 കൃഷി അസിസ്റ്റന്റ്മാരുടെ സ്ഥിരം തസ്തിക കോഴിക്കോട് കൃഷിഭവനിൽ ഉണ്ട്. |
| (സി) | കോഴിക്കോട് കൃഷി ഭവനിൽ തണ്ണീർത്തട നിയമ പ്രകാരമുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | ഓൺലൈൻ മുഖേനയും ഓഫ്‌ലൈൻ മുഖേനയും ലഭിച്ചിരുന്ന അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിനു വേണ്ടി കൃഷി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് സമയ ബന്ധിതമായി തീർപ്പാക്കാൻ നടപടി കൃഷിഭവനിൽ സ്വീകരിച്ചു വരുന്നു. കോഴിക്കോട് കൃഷി ഭവനിൽ 2018 മുതൽ ആകെ 2646 ഓഫ്‌ലൈൻ അപേക്ഷകൾ ഉള്ളതിൽ നൂറിൽ താഴെ അപേക്ഷകൾ മാത്രമേ ഇനി അവശേഷിക്കുന്നുള്ളൂ. അതിൽ ഏതാനും അപേക്ഷകളിൽ കെ.എസ്.ആർ.ഇ.സി (KSREC) റിപ്പോർട്ടുകൾ ലഭിക്കാനും ഉണ്ട് . റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ ഓൺലൈൻ ReLIS സോഫ്റ്റ് വെയർ മുഖേന 1286 അപേക്ഷകൾ ഉള്ളതിൽ 1021 എണ്ണം പ്രോസസ്സ് ചെയ്യുകയും ഇനി 265 എണ്ണം അവശേഷിക്കുകയും ചെയ്യുന്നുണ്ട്. ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്നുള്ളതിനുള്ള സർട്ടിഫിക്കറ്റുകൾക്കായി ആഴ്ചയിൽ 150 ഓളം അപേക്ഷകൾ എത്തുന്നത് മൂലം പെന്റിങ് അപേക്ഷകൾ തീർപ്പാക്കുന്നതിന്റെ വേഗത കുറയുന്നുണ്ടെങ്കിലും നിലവിൽ അവശേഷിക്കുന്ന |

| | | | |
|---|---|---|---|
| | | | അപേക്ഷകൾ എത്രയും വേഗം പ്രോസസ്സ് ചെയ്യുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ